LIBRARY ARCHIVES Kerala Legislative Assembly

സർവീസിലുള്ളവർക്ക് നിശ്ചിത യോഗ്യതയുണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ഈ അവസരത്തിൽ സ്ഥാനക്കയറ്റത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 എന്ന അനുപാതം പാലിക്കേണ്ടതുണ്ടെന്നും മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോൺ മെഡിക്കൽ വിഭാഗത്തിലെ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കണമെന്നും ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒ.എ. നമ്പർ 76/2020 കേസ്സിലെ 16-1-2020-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി 3-5-2021-ലെ സ.ഉ.(സാധാ)നമ്പർ 1003/2021/ആ.കു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ബി2/375/2019/ആ.കു.വ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. ഇതിൽ അന്തിമ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നോൺ മെഡിക്കൽ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ.

ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഓഫീസർ തസ്തികകൾക്ക് ഫാം-ഡി യോഗ്യത

250 (3277) ശ്രീ. കെ. വി.സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകൾ ഫാം-ഡി യോഗ്യതയുള്ളവർക്ക് സംവരണം ചെയ്യുള്ള ഫാർമസി കൗൺസിലിന്റെ പി.പി.ആർ. ആക്ട് 2021 ഭേദഗതി കേന്ദ്ര ആരോഗ്യ മന്ത്രാലയം അംഗീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിന്റെ കീഴിൽ മേൽപ്പറഞ്ഞ തസ്തികകൾ നിലവിലില്ല. ഇക്കാര്യത്തിന് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശമ്പള പരിഷ്കരണം

251 (3278) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശമ്പള പരിഷ്കരണ ഉത്തരവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്ന് ഉദ്ദേശിക്കുന്നത് സീനിയർ സയന്റിഫിക് ഓഫീസർ, സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, സയന്റിഫിക് അസിസ്റ്റന്റ്, മെഡിക്കൽ